OFFICE OF THE DIRECTOR OF SOCIAL WELFARE (ANNEXE)
21 MAY 2009
TRIVAND

29211

GOVERNMENT OF KERALA

(സംഗ്രഹം)

പൊതു വിദ്യാഭ്യാസം - ഭരണകാര്യം - നിലവിൽ കെട്ടിടസൗകര്യമില്ലാത്ത അംഗൻവാടികൾക്ക് വേണ്ടി കെട്ടിടം നിർമ്മിക്കാൻ സ്ഥലസൗകര്യമുള്ള സർക്കാർ വിദ്യാലയങ്ങളുടെ സ്ഥലം വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (പി) വകുപ്പ്

സ.ഉ.(എം.എസ്) നം.104/09/പൊ.വി. തീയതി, തിരുവനന്തപുരം, 2009 മേയ് 4.

പരാമർശം:- 1. ജി.ഒ(എം.എസ്) നം.159/04/പൊ.വി.വ തീയതി 10.06.2004.
2. സ.ഉ.(സാധാ) നം.3737/07/പൊ.വി തീയതി 10.08.2007.
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 06.03.2009 ലെ W 1/46616/08 ഡിപിഐ നമ്പർ കത്ത്.

ഉത്തരവ്

സർക്കാർ സ്കൂളിന്റെ സാധാരണ പ്രവർത്തനത്തെ ബാധിക്കാത്ത വിധത്തിൽ ആവശ്യമുള്ളിടത്ത് സ്കൂളുകളിൽ അംഗൻവാടികൾ മാറ്റി പ്രവർത്തിപ്പിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിക്കൊണ്ടും ഇവയുടെ പ്രവർത്തനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ സാമൂഹ്യക്ഷേമവകുപ്പോ ഒരുക്കേണ്ടതും, പാഠ്യപദ്ധതി സാമൂഹ്യക്ഷേമ വകുപ്പ് എസ്.സി.ഇ.ആർ.ടിയുമായി കൂടി ആലോചിച്ച് തീരുമാനിക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചു കൊണ്ടും പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ നിലവിൽ കെട്ടിട സൗകര്യമില്ലാത്തതും പുതിയ കെട്ടിടം നിർമ്മിക്കാവുന്ന തരത്തിൽ സ്ഥലസൗകര്യമുള്ളതുമായ സർക്കാർ വിദ്യാലയങ്ങളിൽ അംഗൻവാടികൾക്കുവേണ്ടി കെട്ടിടം നിർമ്മിക്കാൻ സ്ഥലം അനുവദിക്കണമെന്നാവശ്യപ്പെട്ട് നിരവധി അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, നിലവിൽ കെട്ടിട സൗകര്യമില്ലാത്ത അംഗൻവാടികൾക്ക് വേണ്ടി കെട്ടിടം നിർമ്മിക്കാൻ പഞ്ചായത്ത് കമ്മിറ്റികൾ സന്നദ്ധമാവുകയാണെങ്കിൽ, സൈറ്റ് പ്ലാനടക്കമുള്ള ഗ്രാമപഞ്ചായത്തിന്റെ

പ്രമേയം സ്കൂൾ പി.ടി.എ യുടെ ശുപാർശയോടെ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് സമർപ്പിച്ച് അനുമതി തേടണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി സ്ഥല സൗകര്യമുള്ള സർക്കാർ വിദ്യാലയങ്ങളുടെ സ്ഥലം അംഗൻവാടികൾക്ക് വേണ്ടി കെട്ടിടം നിർമ്മിക്കാൻ അനുവദിക്കാവുന്നതാണെന്ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**റോയി ഫ്രാൻസിസ് ജോസഫ്**
**ഡെപ്യൂട്ടി സെക്രട്ടറി**
**സെക്രട്ടറിക്കുവേണ്ടി.**

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ.
സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ വകുപ്പ്.
സാമൂഹ്യക്ഷേമ വകുപ്പ്
കരുതൽ ഫയൽ/ഓ.സി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പുറത്തെഴുത്ത് കത്ത് നം. ഐ.സി.ഡി.എസ്. എ2/29211/09 തീയതി 18.10.2010

എല്ലാ CDPO മാർക്കും, PO മാർക്കും [illegible] മാർക്കും സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും അനന്തര നടപടികൾക്കുമായി അയക്കുന്നു. ടി സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന വിധം കെട്ടിട നിർമ്മാണം നടത്താൻ കഴിയുന്ന തരത്തിലുള്ള സാഹചര്യമുണ്ടെങ്കിൽ അഭിപ്രായങ്ങൾ ഡയറക്ടറുടെ പേരുവച്ച കവറിൽ ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

സാമൂഹ്യക്ഷേമ ഡയറക്ടർക്കുവേണ്ടി